ചെയ്യുകയും രണ്ട് കേസുകൾ വിട്ടതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

കുറവ് ചെയ്തവ :

1. കൺസ്യൂമർ നമ്പർ - 20340, ഇലക്ട്രിക്കൽ സെക്ഷൻ, കാട്ടാക്കട

2. കൺസ്യൂമർ നമ്പർ - 4356, ഇലക്ട്രിക്കൽ സെക്ഷൻ, വാഴക്കുളം

വിട്ടതൽ ചെയ്തവ:

1. കൺസ്യൂമർ നമ്പർ - 9630, ഇലക്ട്രിക്കൽ സെക്ഷൻ, കുമിളി

2. കൺസ്യൂമർ നമ്പർ - 4356, ഇലക്ട്രിക്കൽ സെക്ഷൻ, കുമിളി.

വൈദ്യുതി ചാർജ് ഇളവ്

54 (439) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടത്തിവരുന്ന എസ്. സി., എസ്. റ്റി. കോളനികളിലെ കുടിവെള്ള വിതരണ പദ്ധതികൾക്ക് വൈദ്യുതി ചാർജ് ഇളവ് അനുവദിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

കുടിവെള്ള വിതരണ പദ്ധതികൾക്കായി ഇളവ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാനത്തെ വൈദ്യുതി നിരക്ക് പരിഷ്കരണത്തിനുള്ള പരമമായ അധികാരം വൈദ്യുതി നിയമം 2003-ലെ 61, 52, 86 എന്നീ സെക്ഷനുകൾ പ്രകാരം നിക്ഷിപ്തമായിരിക്കുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലാണ്. ഇപ്രകാരം നിർണ്ണയിക്കുന്ന വൈദ്യുതി താരിഫിന്മേൽ വിതരണ ലൈസൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇളവ് അനുവദിക്കാനാവില്ല.

വൈദ്യുതി തകരാർ പരിഹാര നടപടികൾ

55 (440) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കേടായ ഇലക്ട്രിക് മീറ്ററുകൾ മാറ്റിസ്ഥാപിക്കുന്നതു സംബന്ധിച്ച് ധാരാളം പരാതികൾ ഓരോ സെക്ഷനിലും കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുത സംബന്ധമായ തകരാറുകൾ പരിഹരിക്കുന്നതിന് എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും Break Down Maintenance വിഭാഗവും, Capital & Maintenance വിഭാഗവും പ്രവൃത്തിക്കുന്നുണ്ട്. എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും 24 മണിക്കൂറും വാഹനസൗകര്യവും നിലവിലുണ്ട്. കൂടാതെ വൈദ്യുത സംബന്ധമായ പരാതികൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ സ്വീകരിക്കുന്നതിന് പുറമെ കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്കും 24 മണിക്കൂറും പരാതി രജിസ്റ്റർ ചെയ്യുന്നതിനും ഉപഭോക്താവിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി തിരുവനന്തപുരം വൈദ്യുതി ഭവൻ കേന്ദ്രീകരിച്ച് Centralized Customer Care & Call Centre സ്ഥാപിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും വിനിയോഗിച്ച് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കേടായ വൈദ്യുത മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പുതിയതായി അനുവദിച്ച DDUGJY, IPDS പദ്ധതികളിൽ ഉൾപ്പെടുത്തി കേടായ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

56 (441) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യ്ക്ക് വിവിധ വിഭാഗത്തിലുള്ള ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ നിലവിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്ര ;

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നതിന് കെ.എസ്.ഇ.ബി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-9-2015-ലെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ ത്രൈമാസ കണക്കുപ്രകാരം വിവിധ വിഭാഗത്തിലുള്ള ഉപഭോക്താക്കളിൽ നിന്നുമായി ആകെ 1964.12 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly